മി. സ്പീക്കർ: അത് സംബന്ധിച്ച് നിയമം ഉണ്ട്, ചട്ടങ്ങളുണ്ട്. ബഹുമാനപ്പെട്ട ജേക്കബ്ബിന് ഇതൊക്കെ അറിയാം. ഇത് ഇവിടെ ചർച്ച ചെയ്യേണ്ട കാര്യമില്ല. അങ്ങ് പരിണതപ്രജ്ഞനാണ്. പക്ഷേ അടുത്ത കാലത്തുണ്ടായ മാറ്റം എന്താണെന്ന് എനിക്കറിയില്ല.

VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 34-ാമത് റിപ്പോർട്ട്

മി. സ്പീക്കർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. എ. സുജനപാൽ സമിതിയുടെ 34 ാമത് റിപ്പോർട്ട് അംഗീകരിക്കണം എന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

ശ്രീ. എ. സുജനപാൽ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 34-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. റക്കം പുരുഷോത്തമൻ):* സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: 34-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2005-ലെ കേരള ലൈറ്റ് ആന്റ് സൗണ്ട് തൊഴിലാളി ക്ഷേമനിധി ബിൽ

(2) 2005-ലെ കേരള കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് പരിശീലകരുടെ ക്ഷേമനിധി ബിൽ (ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്)

(നോട്ടീസ് നൽകിയ അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ 2005-ലെ കേരള ലൈറ്റ് ആന്റ് സൗണ്ട് തൊഴിലാളി ക്ഷേമനിധി ബില്ലിന്റെയും 2005-ലെ കേരള കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് പരിശീലകരുടെ ക്ഷേമനിധി ബില്ലിന്റെയും അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ അവതരിപ്പിച്ചില്ല.)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ 2004-ലെ കേരള പഞ്ചായത്ത്രാജ്, നഗരപാലികാ മെമ്പേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

(3) 2004-ലെ കേരള പഞ്ചായത്ത്രാജ്, നഗരപാലികാ മെമ്പേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, 2004-ലെ കേരള പഞ്ചായത്ത്രാജ് നഗരപാലികാ മെമ്പേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സുജനപാൽ: സർ, ഞാൻ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബില്ലുകൾ അവതരിപ്പിക്കുമ്പോൾ ബില്ലുകൾക്ക് മറുപടി പറയുന്നത് മുമ്പ് അതാത് വകുപ്പുമന്ത്രിമാരായിരുന്നു. ശ്രീ. ഹസ്സൻ പാർലമെന്ററികാര്യ മന്ത്രിയായശേഷം അദ്ദേഹമാണ് മൊത്തത്തിൽ മറുപടി പറഞ്ഞിരുന്നത്. അതിന് മാറ്റം വരുത്തിയതുകൊണ്ടാണോ ശ്രീ. ബാബു ദിവാകരൻ മറുപടി പറയാൻ എഴുന്നേറ്റത്? സഭ അറിഞ്ഞിട്ടില്ല.

മി. സ്പീക്കർ: സഭ അറിയേണ്ട കാര്യമില്ല. കാരണം ഏത് മന്ത്രിക്കും പറയാം. പിന്നെ പാർലമെന്ററി അഫയേഴ്സ് മന്ത്രി എന്ന നിലയ്ക്ക് അദ്ദേഹം പറഞ്ഞിട്ടുള്ളത് ശരിയാണ്. പക്ഷെ കൂടുതൽ ആധികാരികമായും ഫലപ്രദമായും വകുപ്പ് മന്ത്രിക്ക് പറയാൻ പറ്റും എന്നുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ സാന്നിധ്യമുള്ളപ്പോൾ അദ്ദേഹം പറയും അല്ലെങ്കിൽ ഓതറൈസ് ചെയ്ത ആൾ പറയും. ഇന്ന് ശ്രീ. ബാബു ദിവാകരൻ സംസാരിക്കുന്നത് ഓതറൈസ് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്. ഒരു മന്ത്രിക്ക് മറ്റൊരാളെ ഓതറൈസ് ചെയ്യാമെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ.

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. ഹസ്സൻ ബില്ലുകൾക്ക് മറുപടി പറയുന്ന സന്ദർഭത്തിൽ ഞങ്ങൾ ഇത് ഉന്നയിച്ച കാര്യമാണ്. അന്ന് ചെയർ പറഞ്ഞ അഭിപ്രായം ഇനിമുതൽ പാർലമെന്ററികാര്യ മന്ത്രിയെയാണ് വെള്ളിയാഴ്ചകളിൽ ബില്ലുകൾക്ക് മറുപടി പറയാൻ കാബിനറ്റ് കൂടി തീരുമാനിച്ച് ചുമതലപ്പെടുത്തിയത് എന്നാണ്. അതിന് മാറ്റം വരുമ്പോൾ പാർലമെന്ററികാര്യ മന്ത്രിയുടെ ചുമതല മാറ്റി ബന്ധപ്പെട്ട മന്ത്രിയെ ആക്കുമ്പോൾ അത് സ്വാഭാവികമായും സഭയിൽ പറഞ്ഞ് ഞങ്ങൾകൂടി അറിയണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly